ലേഖനം

പി.എം സ്വാലിഹ്

## കാമ്പസ്, വിദ്യാഭ്യാസം

# ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ കാഴ്ചപ്പെടലുകൾ

**വിദ്യാർഥികൾ** ഇടപെടുന്ന സംസ്കാരം, പഠനം, കല, രാഷ്ട്രീയം എന്നിവയെ ഉൾകൊള്ളുന്ന ചേരുവയാണ് ഒരു വിദ്യാർഥിപ്രസ്ഥാനത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പെടലുകൾ. കേവലം സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ടതല്ല ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ രാഷ്ട്രീയം. ഫിലിംഫെസ്റ്റിവെലും അക്കാദമിക് ആക്റ്റിവിസവും വിദ്യാഭ്യാസ സഹായവും സമര പ്രവർത്തനങ്ങളും ഈ വിദ്യാർഥി രാഷ്ട്രീയത്തിന്റെ കാതലാവുന്നത് അതുകൊണ്ടാണ്.

മനുഷ്യനെ അവന്റെ ദൗത്യ നിർവഹണത്തിന് സജ്ജനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യയുടെയും വിദ്യാർഥിയുടെയും വിദ്യാഭ്യാസത്തിന്റെയും വിപ്ലവാത്മകമായ ഈ വിഭാവനകളിൽ നിന്നാണ് വിദ്യാർഥി പ്രസ്ഥാനം ഉയിരെടുക്കുന്നത്. വിദ്യാർഥികളുടെ ഈ കൂട്ടായ്മക്ക് സുപ്രധാനമായ ഉത്തരവാദിത്വങ്ങളാണ് നിർവഹിക്കാനുള്ളത്. നിലനിൽക്കുന്ന വിദ്യാഭ്യാസ ക്രമവും സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രാഷ്ട്രീയ ശക്തികളും വിദ്യാർഥി സമൂഹത്തിന് അതിന്റേതായ രാഷ്ട്രീയവും സംസ്കാരവും പഠന പ്രവർത്തന സമരശൈലികളും അനുവദിച്ചുകൊടുക്കുന്നുണ്ട്. വിദ്യാർഥി സമൂഹം പല തരം വെല്ലുവിളികളും പ്രലോഭനങ്ങളുമാണ് അഭിമുഖീകരിക്കുന്നത്. വിവിധ ശക്തികൾ തങ്ങളുടെ താൽപര്യങ്ങൾക്ക് വേണ്ടി പിടിവലി കൂടുന്നു. കുറുവടി, കോളറുപിടുത്തം, ഗയിറ്റടക്കൽ, കണ്ണുരുട്ടൽ, മസിൽപവർ തുടങ്ങിയവയുടെ താണ്ഡവവും കനക്കുന്നു. ഇതൊക്കെയാണ് ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തെ കാമ്പസിൽ ഒരനിവാര്യതയാക്കിമാറ്റുന്നത്.

വിജ്ഞാനമാർജിച്ചവർക്ക് സമൂഹത്തിൽ സുപ്രധാനമായ ദൗത്യം നിർവഹിക്കാനുണ്ട് എന്നതാണ് ഇസ്‌ലാമിന്റെ പാഠം. വിവരമുള്ളവർ ഈ ഉത്തരവാദിത്വം നിർവഹിക്കുന്നില്ലെങ്കിൽ വിദ്യാർഥി സമൂഹം മാത്രമല്ല മുഴുവൻ സമൂഹവും ജീർണിച്ച് നാശോന്മുഖമായി തീരും. നിലനിൽക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യങ്ങളെയും അവയെ സാക്ഷാത്കരിക്കാനുള്ള വിദ്യാഭ്യാസത്തിന്റെ തന്നെ ഭാഗമായ പരിശീലനപദ്ധതികളെയും തകിടംമറിക്കാൻ ആധുനിക വിദ്യാഭ്യാസ ദല്ലാളന്മാർ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ വിദ്യാർഥിസമൂഹത്തെ അവരുടെ യഥാർഥ ദൗത്യത്തിലേക്ക് ക്ഷണിക്കുകയും ആ മാർഗത്തിൽ നിന്ന് വ്യതിചലിച്ചു പോകാതെ നിലനിർത്തുകയും ചെയ്യുന്ന ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ സംഘശക്തിക്ക് പ്രാധാന്യമേറുന്നു. മതേതരത്വത്തിന്റെ അടുപ്പിൽ വേവിച്ചെടുത്ത ദേശ, ഭാഷ, വർഗ, വംശ വിഭവങ്ങൾവെച്ച് മൂല്യത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന ഒരു വിദ്യാർഥിസമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല എന്ന് മാത്രമല്ല, അവരുടെ സാന്നിധ്യം വിദ്യാർഥിസമൂഹത്തിന് അലോസരമുണ്ടാക്കുകയും ചെയ്യും. അത് വൈവിധ്യങ്ങളെ തച്ചുടക്കും. ആവിഷ്കാരങ്ങളെ നിഷേധിക്കും. സംവാദങ്ങളെ ഭയപ്പെടും. ഇങ്ങനെ നിരവധി ജനാധിപത്യ വിരുദ്ധ ആശയങ്ങൾ അവരിൽ നിന്ന് ഉത്ഭവിക്കും. എന്നാൽ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിൽനിന്ന് ഇത്തരം ഭീകരതകൾ ഉടലെടുക്കുകയില്ല. കാരണം മൂല്യബോധമാണ് അതിന്റെ ശക്തിസ്രോതസ്സ്. വളരെക്കുറച്ച് ആളുകൾ മാത്രമാണെങ്കിലും പ്രതിയോഗികൾ അസ്വസ്ഥരാകുന്നത് ഇതുകൊണ്ടാണ്. ഇസ്‌ലാമിനും ഇസ്‌ലാമിക വിദ്യാർഥിപ്രസ്ഥാനത്തിനും മതേതരത്വത്തിന്റെ വർണമടിക്കേണ്ടതില്ല. മനുഷ്യ നന്മക്കുവേണ്ടി നിലകൊള്ളുന്നവർക്ക് മനുഷ്യാവിഷ്കാരങ്ങളെയും സ്വാതന്ത്ര്യാഭിനിവേശത്തെയും അംഗീകരി

**വിപ്ലവ സന്ദേശവുമായി കറങ്ങിനടക്കുന്ന സംഘടനകൾ പോലും ഫാഷൻഷോക്കും റാഗിംഗിനും നേതൃത്വം നൽകുന്നു. ഇഹലോകത്തെ വർണപകിട്ടുകൾക്കപ്പുറം ജീവിതത്തിന് യാഥാർഥ്യം ഉണ്ടെന്ന് വിശ്വസിക്കുന്ന ഇസ്‌ലാമിക വിദ്യാർഥിപ്രസ്ഥാനം ഇത്തരം പേക്കൂത്തുകൾക്കെതിരെ ശക്തമായി ഇടപെടാൻ സന്നദ്ധമാവുന്നു.**

ക്കാൻ സാധിക്കും.

ഇസ്‌ലാമിന്റെ ആദർശബോധത്തിൽ നിന്നാണ് വിദ്യാർഥി പ്രസ്ഥാനം കരുത്ത് സമ്പാദിക്കുന്നത്. അതിനാൽ വിദ്യാർഥികൾക്കിടയിൽ ഇസ്‌ലാമിക പ്രബോധനം നടത്തുക എന്നതാണ് എസ്.ഐ.ഒവിന്റെ ലക്ഷ്യങ്ങളിൽ പ്രഥമഗണനീയം. മനുഷ്യനെ (എല്ലാ പരിഗണനങ്ങൾക്കുമപ്പുറം) സ്നേഹിക്കാനും സേവിക്കാനും അവർക്കു സാധിക്കുന്നു. തൊട്ടടുത്തിരിക്കുന്നവന്റെ ദുഃഖമറിയാനും പരിഹരിക്കാനുമുള്ള ആവേശം കേവല രാഷ്ട്രീയ താൽപര്യങ്ങളല്ല, മറിച്ച് അവർ പ്രതിനിധാനം ചെയ്യുന്ന ആദർശത്തിന്റെ തേട്ടമാണ്. ഈ ആദർശാനുഭൂതികളാണ് അവരുടെ പരമമായ ശക്തി. ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം നിർവഹിക്കുന്ന ഏതൊരു പ്രവർത്തനവും അടിസ്ഥാനപരമായി ഇസ്‌ലാമിന്റെ പ്രബോധനമായിരിക്കും. അതിന്റെ മണവും നിറവും ഗുണവും ഇസ്‌ലാമായിരിക്കും. ഖുർആനിലും പ്രവാചകചര്യയിലുമധിഷ്ഠിതമായ ഒരു സമ്പൂർണ്ണ ജീവിത ക്രമത്തെയാണ് ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം പ്രതിനിധാനം ചെയ്യുന്നത്.

തിന്മകളെ ചെറുക്കാനും നന്മകളെ സ്ഥാപിക്കാനും തയാറാകാത്ത കാലത്തോളം വിദ്യാർഥിയുടെ അസ്തിത്വം നിരർഥകമായിരിക്കും. അതിനാൽ വിദ്യാർഥിസമൂഹത്തിന്റെ അസ്തിത്വത്തിന് അർഥം പകരുന്ന ഈ ദൗത്യം ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം അതിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസ വ്യവസ്ഥയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാംസ്കാരികാന്തരീക്ഷത്തിലും ഇടപെട്ടുകൊണ്ട് തങ്ങളുടെ ഭാവിപൗരത്വത്തെ രൂപപ്പെടുത്തിയെടുക്കാനാണ് സകലരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ വിദ്യാർഥി സമൂഹം തങ്ങളുടെ വിദ്യാഭ്യാസ വ്യവസ്ഥയെക്കുറിച്ചും കാമ്പസുകളുടെ സാംസ്കാരികാന്തരീക്ഷത്തെക്കുറിച്ചും ബോധവാൻമാരായിരിക്കും. നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയും കാമ്പസുകളും വിദ്യാർഥികളിൽ അവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനും നല്ല ഭാവിപൗരന്മാരായി വളരാനും ആവശ്യമായ മൂല്യബോധം ഉണർത്താൻ പര്യാപ്തമായതല്ല. ഈ ലക്ഷ്യങ്ങൾ പ്രായോഗികമാക്കാനാവശ്യമായ സംവിധാനങ്ങളും സജ്ജീകരണങ്ങളും ഉൾക്കൊള്ളുന്നതുമല്ല. അത് വിദ്യർഥികളെ അരാഷ്ട്രീയരാക്കുന്നതിന് സഹായിക്കുന്നുമുണ്ട്. അങ്ങനെയാണ് വിദ്യാർഥികൾ ഗ്യാങ്ങുകളും ഫാൻസുകളും ക്ലബ്ബുകളുമായിത്തീരുന്നത്. അരാഷ്ട്രീയതയുടെ ബീഭത്സതയാണ് ധാർമിക കരുത്തുള്ള വിദ്യാർഥി പ്രസ്ഥാനത്തെ അനിവാര്യമാക്കുന്നത്.

വിപ്ലവ സന്ദേശവുമായി കറങ്ങിനടക്കുന്ന സംഘടനകൾ പോലും ഫാഷൻഷോക്കും റാഗിംഗിനും നേതൃത്വം നൽകുന്നു. ഇഹലോകത്തെ വർണപ്പകിട്ടുകൾക്കപ്പുറം ജീവിതത്തിന് യാഥാർഥ്യം ഉണ്ടെന്ന് വിശ്വസിക്കുന്ന ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം ഇത്തരം പേക്കൂത്തുകൾക്കെതിരെ ശക്തമായി ഇടപെടാൻ സന്നദ്ധമാവുന്നു.

### ഉന്നത വിദ്യാഭ്യാസം

വിദ്യാർഥിപ്രസ്ഥാനത്തിന്റെ പ്രസക്തി അത് നിർവഹിക്കുന്ന ദൗത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏതൊരു വിദ്യാർഥിപ്രസ്ഥാനത്തിന്റെയും പ്രഥമ അജണ്ടയിൽ ഉൾപ്പെടുന്നത് വിദ്യാഭ്യാസവും വിദ്യാഭ്യാസ പരിഷ്കരണങ്ങളുമാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിലെ പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ അന്വേഷിക്കാനോ പരിഹരിക്കാനോ ആത്മാർഥമായ ശ്രമങ്ങളൊന്നും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നോ വിദ്യാർഥിപ്രസ്ഥാനങ്ങളുടെയോ സമൂഹത്തിന്റെയോ ഭാഗത്തു നിന്നോ ഉണ്ടാകുന്നില്ല. ഏത് ക്രിയാത്മക സംരംഭത്തിനും വിവാദമായി അവസാനിക്കാനോ, രാഷ്ട്രീയക്കാരുടെയും സർവീസ് യൂണിയനുകളുടെയും താൽപര്യങ്ങളാൽ അട്ടിമറിക്കപ്പെടാനോ ആയിരിക്കും വിധി. കൊളോണിയൽ കാലത്ത് ആരംഭിച്ചതും, ലോകത്തേതാണ്ടെല്ലാ രാജ്യങ്ങളും കൈയൊഴിഞ്ഞതുമായ അഫിലിയേറ്റഡ് യൂനിവേഴ്സിറ്റി സമ്പ്രദായത്തിനും അതിന്റെ ചിട്ടവട്ടങ്ങൾക്കും ഈ പിന്നാക്കാവസ്ഥയിൽ വലിയ പങ്കുണ്ട്. ഇന്നും ഈ രീതി നിലനിൽക്കുന്നതിനുപിന്നിൽ രാഷ്ട്രീയക്കാരുടെയും സർവീസ് യൂണിയനുകളുടെയും താൽപര്യങ്ങളുണ്ട്. അവരുടെ താൽപര്യങ്ങൾക്ക് ഒരു ഇളക്കവും തട്ടാത്ത രീതിയിലുള്ള മാറ്റങ്ങൾക്കേ അവർ പച്ചക്കൊടി കാട്ടുകയുള്ളു.

ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങളെ സംബന്ധിച്ച് പഠിക്കാൻ പ്രധാനമന്ത്രി നിയോഗിച്ച സാം പിത്രോഡ അധ്യക്ഷനായ നാഷ്നൽ നോളജ് കമീഷന്റെ റിപ്പോർട്ടും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച യു.ആർ അനന്തമൂർത്തി കമീഷന്റെയും ഡോ. എം. വിജയൻ കമീഷന്റെയും റിപ്പോർട്ടുകളും പുറത്തുവന്ന സാഹചര്യത്തിൽ അവയുടെ ഉള്ളടക്കം ചർച്ചചെയ്യുന്നതിന് പകരം അതിലെ ചില നിർദേശങ്ങൾ വിവാദമാക്കുക എന്ന സമീപനമാണ് ഒട്ടുമിക്ക മലയാള പത്ര-ദൃശ്യ മാധ്യമങ്ങളും വിദ്യാഭ്യാസ പ്രവർത്തകരിൽ ഒരുവിഭാഗവും സ്വീകരിച്ചത്.

പ്രൈമറി സെക്കന്ററി തലങ്ങളിൽ വികസിത രാഷ്ട്രങ്ങളുടെ നിലവാരം കേരളത്തിലുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളെക്കാൾ പിന്നിലാണ്. സിവിൽ സർവീസ് പരീക്ഷകൾ പോലുള്ള ദേശീയാടിസ്ഥാനത്തിനുള്ള പ്രവേശന പരീക്ഷകളിലും മറ്റും കേരളത്തിലെ വിദ്യാർഥികളുടെ പ്രകടനം ഇതിന്റെ സൂചകങ്ങളാണ്. ലോകമെമ്പാടും വിദ്യാഭ്യാസ രംഗത്ത് പുതിയ ചിന്തകളും പഠനങ്ങളും സജീവമായി നടക്കുന്നുണ്ട്. തൽഫലമായി വിദ്യാഭ്യാസത്തിന്റെ ഘടനയിൽ, ഉള്ളടക്കത്തിൽ, പരീക്ഷയെയും മൂല്യനിർണയത്തെയും സംബന്ധിച്ച കാഴ്ചപ്പാടിൽ വലിയ മാറ്റങ്ങൾ വന്നു കഴിഞ്ഞു. ഡീംഡ് യൂനിവേഴ്സിറ്റി, ഓട്ടോണമസ് കോളേജുകൾ, ഓപ്പൺ യൂനിവേഴ്സ്റ്റികൾ, ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം, ബോധനശാസ്ത്രത്തിലെ നൂതനരീതികൾ, നിരന്തര മൂല്യനിർണയം, ഗ്രേഡിംഗ് രീതി എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. ഇത്തരം പരിഷ്കരണ നിർദേശങ്ങൾ വരുമ്പോൾ സമഗ്രമായി വിശകലനം ചെയ്യുന്നതിന് പകരം വിവാദങ്ങൾ സൃഷ്ടിക്കുകയോ സാങ്കൽപിക അപകടങ്ങളുടെ ഭീതിയിൽ തളച്ചിടുകയോ ആണ് സാധാരണ ചെയ്യുക. ഡീംഡ് യൂനിവേഴ്സിറ്റികൾ വരുന്നു, ഓട്ടോണമസ് കോളേജുകൾ ഉണ്ടാവുന്നു എന്ന് കേൾക്കുമ്പോഴേക്ക് യൂനിവേഴ്സിറ്റികളുടെ നിലവാരം തകരില്ലേ, ഡിഗ്രികൾക്ക് വിലയില്ലാതാവില്ലേ എന്നൊക്കെയാണ് ആശങ്കകൾ. എന്നാൽ ലോകത്തെമ്പാടുമുള്ള അനുഭവങ്ങൾ മറിച്ചാണ്. അമേരിക്കയിലെയും യൂറോപ്പിലെയും വിദ്യാഭ്യാസ മേഖല ഇത്തരം രീതികളെ സ്വാംശീകരിച്ചതാണെന്ന് കാണാൻ കഴിയും. നമ്മുടെ നാട്ടിൽ തന്നെയുള്ള ഐ.ഐ.ടി, ഐ.ഐ.എം, കേന്ദ്രയൂനിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ കോഴ്സ് സംഘാടനവും ബോധന മൂല്യനിർണയ സംവിധാനങ്ങളും വിദ്യാഭ്യാസ നിലവാരം ഉയർത്തുകയാണല്ലോ ചെയ്തിട്ടുള്ളത്. വ്യത്യസ്ത ഐ.ഐ.ടികളിൽ അതാതിടങ്ങളിലെ അധ്യാപകർ തന്നെ വ്യത്യസ്ത സിലബസുകൾ നിശ്ചയിച്ചതുകൊണ്ടോ നിരന്തരമൂല്യനിർണയങ്ങൾ നടപ്പാക്കിയതുകൊണ്ടോ ഐ.ഐ.ടികളുടെ നിലവാരം തകർന്നതായി കാണാൻ കഴിയില്ല. ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്കൂളുകളുടെ അനുഭവവും ശ്രദ്ധേയമാണ്. ഇവയുടെ

രംഗപ്രവേശത്തോടെ നമ്മുടെ പൊതുവിദ്യാലയങ്ങളുടെ നിലവാരം താഴുകയല്ല, നിലവാരമുയർത്താൻ നാം നിർബന്ധിതമായതാണ് അനുഭവം. ഇന്ധിരാഗാന്ധി നാഷ്നൽ ഓപ്പൺ യൂനിവേഴ്സിറ്റി ബിരുദധാരികൾക്ക് നിലവാരമില്ലെന്നും കേട്ടിട്ടില്ല. നമ്മുടെ ബിരുദധാരികളേക്കാൾ അവർക്ക് നിലവാരമുണ്ടുതാനും. പുതിയ സമ്പ്രദായങ്ങൾ ഉണ്ടാകുമ്പോൾ നിലവാരം ഉയരുകയും താഴ്ന്ന നിലവാരമുള്ളവർ നിലനിൽപ്പിനായി ഉയർന്ന നിലവാരത്തിലെത്താൻ സ്വയം മെച്ചപ്പെടുത്താൻ ശ്രമിക്കുകയുമാണ് ചെയ്യുക. പരിഷ്കരണ നിർദേശങ്ങൾ എത്ര നല്ലതാണെങ്കിലും അതിന്റെ ഭാവി വ്യക്തമായ ദിശാബോധവും ഇഛാശക്തിയുമുള്ള ഭരണനേതൃത്വത്തെ ആശ്രയിച്ചാണിരിക്കുന്നത്. നിർദേശങ്ങൾ വേണ്ടത്ര ചർച്ചചെയ്ത് ആശങ്കകൾ ദൂരീകരിച്ചും മതിയായ മുന്നൊരുക്കത്തോടെയും മാത്രമേ പരിഷ്കരണങ്ങൾ നടപ്പിലാക്കാവൂ.

കഴിവുള്ള വിദ്യാർഥികൾക്ക് പഠിക്കാൻ അവസരം ലഭിക്കുകയില്ലെന്നത് അവരുടെ മാത്രമല്ല, സമൂഹത്തിന്റെ കൂടി നഷ്ടമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമൂഹം ഒന്നാകെ ഉന്നത വിദ്യാഭ്യാസത്തിൽ നിന്നും മാറ്റിനിർത്തപ്പെടുകയെന്നതും സമൂഹത്തിന്റെ പൊതുവികസനത്തെ ബാധിക്കും. അതുകൊണ്ടാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളുടെ പഠനചെലവ് എങ്ങനെ കണ്ടെത്തും എന്ന ചർച്ച പ്രസക്തമാവുന്നത്.

ബദൽ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച അന്വേഷണങ്ങൾ ഇനിയും സജീവമാകുന്നില്ല. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, എൻഡോവ്മെന്റുകൾ, വ്യവസായ സംരംഭങ്ങളുടെ സംഭാവന, അലുംനി സംഭാവന, വ്യക്തികളുടെയും സംഘടനകളുടെയും കാരുണ്യനിധികൾ തുടങ്ങിയവ വിദ്യാർഥികൾക്ക് ലഭ്യമാക്കാൻ സംവിധാനം ഉണ്ടാവേണ്ടതുണ്ട്. ഇടതുസർക്കാർ കൊണ്ടുവന്ന സ്വാശ്രയ നിയമത്തിൽ തന്നെ വിദ്യാർഥികളെ സഹായിക്കാൻ ഒരു പൊതുഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ ശ്രമം നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ദിശയിൽ ഒരു ശ്രമവും സർക്കാറിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. സ്വകാര്യസംരംഭങ്ങളിലൂടെ നിധികൾ രൂപീകരിക്കുകയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടത്തുകയും ചെയ്യാതെ വിദ്യാർഥിസേവനത്തെക്കുറിച്ച് സർക്കാർ വെറുതെ വാചകമടിച്ചിട്ട് കാര്യമില്ല. വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നാക്കം നിൽക്കുന്ന മലബാർ മേഖലക്ക് പ്രത്യേക വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കാനും ഭരണകൂടം തയാറാവണം. ഉന്നതവിദ്യാഭ്യാസ പരിഷ്കരണം, സ്വാശ്രയ വിദ്യാഭ്യാസം തുടങ്ങിയ സമകാലിക വിദ്യാഭ്യാസ പ്രശ്നങ്ങളിൽ കൃത്യമായ നിലപാട് സ്വീകരിച്ചാണ് ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം കേരളീയ സമൂഹത്തിൽ സ്വയം അടയാളപ്പെടുത്തിയത്. ഇനിയും ശക്തമായ സാന്നിദ്ധ്യമാവാൻ അതിന് കഴിയേണ്ടതുണ്ട്. ■

*(എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ)*